(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) സർക്കാരിനോ സർക്കാർ സ്ഥാപനങ്ങൾക്കോ പ്രസ്തുത സ്ഥാപനത്തിൽ ഓഹരി പങ്കാളിത്തം ഉണ്ടായിരിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) ബാങ്കിന്റെ മൊത്തം ഓഹരിമൂലധനം എത്ര കോടി രൂപയായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) കേരളത്തിന്റെ വ്യവസായ വികസനത്തിന് പ്രസ്തുത സ്ഥാപനം എത്ര മാത്രം പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) അൽബറാക് ഫിനാൻഷ്യൽ സർവ്വീസസിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ബി) അൽബറാക് ഫിനാൻഷ്യൽ സർവ്വീസസ് ലക്ഷ്യമിടുന്നത് ശരിയത്ത് തത്വങ്ങളുടെ അടിസ്ഥാനത്തിൽ പലിശരഹിത ഫിനാൻഷ്യൽ സ്ഥാപനമായി പ്രവർത്തിക്കാനാണ്. റിസർവ്വ് ബാങ്കിന്റെ അനുമതി നേടി N.B.F.C.ആയും സെബി അനുമതി നേടിയിട്ട് വെൻച്വർ ക്യാപ്പിറ്റൽ/ പി.ഇ.ഫണ്ട് മുതലായ മേഖലകളിൽ പ്രവർത്തിക്കുവാനുമാണ് സ്ഥാപനം ലക്ഷ്യമിടുന്നത്.

(സി) കേരള സർക്കാർ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി ഈ സ്ഥാപനത്തിൽ 11% ഓഹരി പങ്കാളിത്തം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) അൽബറാക് ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡിന്റെ അംഗീകൃത മൂലധനം ആയിരം കോടി രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഈ ഓഹരി മൂലധനം സ്ഥാപനം ഘട്ടംഘട്ടമായി സമാഹരിക്കുന്നതായിരിക്കും.

(ഇ) കേരളത്തിൽ വ്യവസായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും ഇൻഫ്രാസ്ട്രക്ചർ ഒരുക്കുന്നതിനുമായുള്ള പ്രോജക്ടുകളിൽ നിക്ഷേപം നടത്തുകവഴി പ്രസ്തുത സ്ഥാപനം കേരളത്തിന്റെ വ്യവസായ വികസനത്തിന് വളരെയധികം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

റവന്യൂ വകുപ്പിന്റെ പ്രവർത്തനം ശക്തമാക്കാൻ സ്വീകരിച്ച നടപടികൾ

9 (*249) ശ്രീ. ബി. രാഘവൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിന്റെ പ്രവർത്തനം ശക്തവും സുതാര്യവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വില്ലേജ് ആഫീസുകളുടെ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) താലൂക്ക് തലത്തിൽ റവന്യൂ അദാലത്തുകൾ നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഉദ്യോഗസ്ഥതല അഴിമതി തടയുന്നതിനായി രൂപീകരിച്ച വിജിലൻസ് സെല്ലിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) വില്ലേജ് തലത്തിൽ ജനകീയസമിതികൾ രൂപീകരിച്ചു. ജനങ്ങൾക്ക് പ്രയോജനകരമാകുന്നവിധത്തിൽ വിവിധതരം സർട്ടിഫിക്കറ്റുകൾ ദീർഘകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ആഫീസുകളിൽ ഇൻഫർമേഷൻ കൗണ്ടർ തുറക്കുകയും ഭൂരിപക്ഷം കളക്ടറേറ്റുകളിൽ കമ്പ്യൂട്ടർ ഉപയോഗിച്ച് വേഗതയോടെ ഫയലുകൾ കൈകാര്യം ചെയ്യുന്ന സംവിധാനമായ ഡി.സി. സ്യൂട്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കളക്ടറേറ്റുകളിൽ ഡി.സി. സ്യൂട്ട് നടപ്പിൽ വരുത്തുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, പാലക്കാട് ജില്ലകളിൽ ഇ-ഡിസ്ട്രിക്ട് എന്ന പേരിൽ പുതിയ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വില്ലേജുകളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ അടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ഈ പദ്ധതിയിലൂടെ എളുപ്പത്തിൽ ജനങ്ങൾക്ക് ലഭ്യമാകും. സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും അഴിമതി തടയാനും ഇതു സഹായിക്കും. താലൂക്ക്തല വികസന സമിതികൾ രൂപീകരിച്ച് പ്രവൃത്തിപഥത്തിലെത്തിച്ചിട്ടുണ്ട്. താലൂക്ക്തലത്തിൽ റവന്യൂ അദാലത്തുകൾ സംഘടിപ്പിച്ചു. വകുപ്പിലെ അഴിമതി തടയാനായി മൂന്ന് മേഖലാ വിജിലൻസ് വിഭാഗങ്ങൾ രൂപീകരിച്ചു. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ താലൂക്കുകൾതോറും ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചു. കളക്ടറേറ്റുകളിൽ ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ചു. റവന്യൂ-സർവ്വെ ജീവനക്കാർക്ക് പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചു. ടോൾഫ്രീ കാൾസെന്റർ ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസിൽ സ്ഥാപിച്ചു. റവന്യൂ വകുപ്പിലെ സർവ്വെ വിഭാഗവും ഭൂരേഖാ പരിപാലനവും ശക്തിപ്പെടുത്തി ഭൂമി സംബന്ധിച്ച തർക്കങ്ങൾ തീർപ്പാക്കാൻ, താലൂക്കാഫീസുകളിലേക്ക് കൂടുതൽ സർവ്വേയർമാരെ മാറ്റിനിയമിച്ചു. കെ.എൽ.സി. ആക്റ്റിൽ (കേരള സ്റ്റേറ്റ് ലാന്റ് കൺസർവൻസി ആക്റ്റ്) ശിക്ഷാ നടപടികൾ ചേർത്തുകൊണ്ട് നിയമഭേദഗതി നടപ്പിലാക്കി. നെൽവയലുകൾ നികത്തുന്നത് തടയുന്നതിനുള്ള പുതിയ നിയമനിർമ്മാണം നടത്തി. ദുരിതനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. ജില്ലാതല ദുരന്തനിവാരണ അതോറിറ്റികൾ രൂപീകരിച്ചു. പ്രകൃതിക്ഷോഭ ദുരിതാശ്വാസ ആനുകൂല്യങ്ങൾ നൽകുന്നതിൽ ഉദാരമായ സമീപനം കൈക്കൊണ്ടു. ഇത്തരം ആനുകൂല്യങ്ങൾ നൽകുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്ന കാലതാമസം ഒഴിവാക്കി. പ്രകൃതിക്ഷോഭംമൂലമുള്ള കാർഷിക നഷ്ടങ്ങൾക്ക് ഉടൻ ആശ്വാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ പ്ലാന്റ് ബോർഡ് കാര്യാലയത്തിൽ അസിസ്റ്റന്റ് സെക്രട്ടറിക്ക് പരാതി കൈകാര്യം ചെയ്യാനുള്ള ഓഫീസറുടെ ചുമതല നൽകി.

(ബി) വില്ലേജ് തലത്തിൽ ജനകീയസമിതികൾ രൂപീകരിച്ചു. ജനങ്ങൾക്ക് പ്രയോജനകരമാകുന്നവിധത്തിൽ വിവിധതരം സർട്ടിഫിക്കറ്റുകൾ ദീർഘകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഭൂസംരക്ഷണ-ഉപഭോഗ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഇക്കാര്യത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ആഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കുമായി വില്ലേജ്തലത്തിൽ ജനപ്രതിനിധികൾ അടങ്ങുന്ന ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വില്ലേജ് ആഫീസർ കൺവീനറും വില്ലേജ് പരിധിയിൽ പ്രവർത്തിക്കുന്ന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, വില്ലേജ് പരിധിയിൽ വരുന്ന ജില്ല/ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ, കോർപ്പറേഷൻ അംഗങ്ങൾ, വില്ലേജ് പരിധയിൽവരുന്ന നിയമസഭാംഗത്തിന്റെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഘടനയാണ് ഓരോ വില്ലേജ്തല ജനകീയ സമിതിക്കുമുള്ളത്. വില്ലേജ്തല ജനകീയ സമിതികൾ രൂപീകരിക്കുന്നതിനുള്ള അധികാരവും പ്രവർത്തനം ഏകോപ്പിക്കുന്നതിനുമുള്ള ചുമതലയും ബന്ധപ്പെട്ട തഹസീൽദാർമാരിൽ നിക്ഷിപ്തവുമാണ്. ഈ സമിതികൾ എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച യോഗം ചേരുന്നതും അന്നേദിവസം പൊതു അവധിയായാൽ തൊട്ടടുത്ത പ്രവൃത്തിദിവസം കൂടുന്നതുമാണ്.

(സി) താലൂക്കുതല റവന്യൂ അദാലത്തുകൾ നടത്തിയിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ റവന്യൂ അദാലത്തുകൾ എല്ലാ താലൂക്കുകളിലും നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) റവന്യൂ വകുപ്പിലെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നതിനും അഴിമതി തടയുന്നതിനുമായി റവന്യൂ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാ ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിജിലൻസ് വിഭാഗം ഇതിനകം നിരവധി ക്രമക്കേടുകൾ കണ്ടുപിടിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly